Website : www.keralapsc.gov.in
E mail : dotsr@psc.kerala.gov.in Phone : 0487 2327505

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, തൃശ്ശൂർ

സ്ഥലം : തൃശ്ശൂർ
നമ്പർ : RII(1) 02/14 തീയ്യതി : 05.11.2019

## പരസ്യ ലേല വിജ്ഞാപനം

വിഷയം: കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ഓഫീസ് തൃശ്ശൂർ - ഉപയോഗ ശേഷമുള്ള പി എസ് സി ചോദ്യക്കടലാസുകളും ഒ എം ആർ ഷീറ്റുകളും പരസ്യ ലേലം ചെയ്ത് വിൽക്കുന്നത് - സംബന്ധിച്ച്.

സൂചന:-1) 24.05. 2019 തീയതിയിലെ 421/ഡി1/2019/സ്റ്റേ. നമ്പർ സ്റ്റേഷണറി കൺട്രോളറുടെ സർക്കുലർ

2) 11.06.19, 08.08.19 എന്നീ തീയതികളിൽ കരാറുകാരനായ ശ്രീ. പി എസ് രാജന് നൽകിയിട്ടുള്ള രജിസ്റ്റേർഡ് കത്തുകൾ

3) 02.11.19 തീയ്യതിയിലെ ഇതേ ഫയലിലെ ഉത്തരവ്.

* * * *

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തൃശ്ശൂർ ജില്ലാ ആഫീസിലെ 2019 – 20 സാമ്പത്തിക വർഷത്തെ മൂല്യനിർണ്ണയം കഴിഞ്ഞതും നശിപ്പിക്കുവാൻ പാകമായതുമായ ഉത്തരകടലാസ്സുകൾ, ഉപയോഗശേഷമുള്ള പഴയ പി എസ് സി ചോദ്യപേപ്പറുകൾ, ഒ എം ആർ ഷീറ്റുകൾ ചോദ്യപേപ്പറുകൾ (ഗ്രൂപ്പ് IV വിഭാഗം) എന്നിവയുടെ വില്പനക്കരാർ ഉറപ്പിച്ച സ്റ്റേഷണറി വകുപ്പിന്റെ കരാറുകാരനായ ശ്രീ. പി എസ് രാജൻ, കേരള വേസ്റ്റ് പേപ്പർ സ്റ്റോഴ്സ്, പാർവ്വതി ഭവൻ, തൃക്കൊടിത്താനം പി ഒ, ചങ്ങനാശ്ശേരി, കോട്ടയം - ആയത് നിയമാനുസൃതം സൂചന 2 പ്രകാരം ആവർത്തിച്ച് രേഖാമൂലം ആവശ്യപ്പെട്ടിട്ടും നീക്കം ചെയ്യാത്ത സാഹചര്യത്തിൽ സൂചന 1 ൽ പരാമർശിക്കുന്ന സ്റ്റേഷണറി വകുപ്പിന്റെ സർക്കുലർ നിർദ്ദേശങ്ങൾ അനുസരിച്ച് 04.12.19 ന് ഉച്ചക്ക് ശേഷം 2 മണിക്ക് ഈ ആഫീസിൽ വച്ച് പരസ്യ ലേലം ചെയ്യുന്നതാണ്. ഗ്രൂപ്പ് IV ഇനത്തിൽ പെടുത്തിയിട്ടുള്ള പഴയ പി എസ് സി ചോദ്യപേപ്പറുകൾ, ഒ എം ആർ ഷീറ്റുകൾ എന്നിവ ഒരു കിലോഗ്രാമിന് ഏറ്റവും കൂടിയ

നിരക്കിൽ (GST – 5% പുറമേ) വില നൽകുന്ന കരാറുകാരന് നിയമാനുസൃത ചട്ടങ്ങൾ അനുസരിച്ച് ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ലേലം ഉറപ്പിച്ചു നൽകുന്നതാണ്. ലേല വസ്തുക്കളുടെ തൂക്കം 500 കിലോഗ്രാമിൽ കൂടുതലായതിനാൽ മൊത്തമായി വേയ്ബ്രിഡ്ജ് ഉപയോഗിച്ച് തൂക്കം എടുക്കേണ്ടതാണ്. ഇതിനായി കരാറുകാരൻ കൊണ്ടുവരുന്ന ലോറിയുടെ ഭാരം ലേല സാധനങ്ങൾ നിറക്കുന്നതിന് മുൻപും ശേഷവും വേയ്ബ്രിഡ്ജ് ഉപയോഗിച്ച് തൂക്കം എടുക്കേണ്ടതാണ്. ലേലം ഉറപ്പിച്ച് കരാറുകാരൻ നിയമാനുസൃതമായ തൂക്ക വില ഒടുക്കി തൊട്ടടുത്ത പ്രവർത്തി ദിവസങ്ങളിൽ തന്നെ ലേല സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിന് അര മണിക്കൂർ മുൻപായി നിരതദ്രവ്യം ആയി 100 രൂപ (നൂറ് രൂപ) കെട്ടിവച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയാലുടൻ മറ്റുള്ളവരുടെ നിരതദ്രവ്യം മടക്കി കൊടുക്കുന്നതും സ്ഥിരപ്പെടുത്തിയ കരാറുകാരന്റെ 100 രൂപ ലേല വസ്തുക്കളുടെ തൂക്ക വിലയിൽ ക്രമപ്പെടുത്തുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തുവാനോ, മാറ്റി വയ്ക്കുവാനോ ഉള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തൃശ്ശൂർ ജില്ലാ ഓഫീസറിൽ നിക്ഷിപ്തമായിരിക്കുന്നതും, ജില്ലാ ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

ഈ ഓഫീസിലെ ജീവനക്കാർ 'ടി' ലേലത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.

വിശ്വസ്തതയോടെ,

Sd/-
ജോസ് വർഗ്ഗീസ്
ജില്ലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, തൃശ്ശൂർ

പകർപ്പ്:- 1) സ്റ്റേഷണറി കൺട്രോളർ
2) ശ്രീ പി എസ് രാജൻ, കേരള വേസ്റ്റ് പേപ്പർ സ്റ്റോഴ്സ് (Reg. With A/D)
3) പി ആർ യൂണിറ്റ്
4) എൻക്വയറി
5) പത്രങ്ങൾ
6) നോട്ടീസ് ബോർഡ്
7) സ്റ്റോക്ക് ഫയൽ
8)വെബ് സൈറ്റ്

ഫോൺ നമ്പർ: 0487 - 2327505